**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **14-03-2022 - ല്‍ മറുപടിയ്ക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തില്‍ ജമീല,<br>ഡോ.കെ.ടി.ജലീല്‍,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. ചിത്തരഞ്ജന്‍ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2011 -2016 കാലഘട്ടത്തില്‍ നടപ്പാക്കാതെ മാറ്റിവെച്ചിരുന്ന ദേശീയപാത വികസനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | 2011-16 കാലഘട്ടത്തില്‍ നടപ്പാക്കാതെ മാറ്റിവച്ച ദേശീയപാത 66 ന്റെ വികസനം 16 സ്ട്രെച്ചുകളായാണ് നടപ്പാക്കുന്നത്. 16 സ്ട്രെച്ചുകളില്‍ അരൂര്‍ – തുറവൂര്‍, പറവൂര്‍ കൊറ്റുകുളങ്ങര എന്നീ സ്ട്രെച്ചുകള്‍ ഒഴികെ എല്ലാ സ്ട്രെച്ചുകളിലും പദ്ധതി അവാര്‍ഡ് ചെയ്തിട്ടുണ്ട്. പറവൂര്‍ – കൊറ്റുകുളങ്ങര സ്ട്രെച്ചില്‍ ‘Bid Open’ ചെയ്തിട്ടുണ്ട്. അരൂര്‍ തുറവൂര്‍ സ്ട്രെച്ചിന്റെ വിശദമായ പദ്ധതി രേഖ (DPR) പുരോഗമിക്കുന്നു. പദ്ധതി 2022-23 വര്‍ഷത്തില്‍ അവാര്‍ഡ് ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്ട്രെച്ചുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങള്‍ അനുബന്ധം 1 ആയി ചേര്‍ക്കുന്നു. |
| (ബി) | ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കല്‍ പൂര്‍ത്തിയാക്കിയിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിനായി സംസ്ഥാന സര്‍ക്കാര്‍ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ദേശീയപാത 66 ന്റെ വികസനത്തിന് ആവശ്യമായ 1076.64 ഹെക്ടര്‍ ഭൂമിയില്‍ 988.09 ഹെക്ടര്‍ ഭൂമി (91.77%) ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 25% സംസ്ഥാന ഗവണ്‍മെന്റ് വഹിക്കുന്നതിന് 08.08.2019 ലെ സ.ഉ.(കൈ)നം.36/2019/പൊ.മ.വ പ്രകാരം അനുമതി നല്‍കിയതിനെത്തുടര്‍ന്ന് ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കിഫ്ബി എന്നിവരുള്‍പ്പെട്ട ത്രികക്ഷി കരാര്‍ ഒപ്പിട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 25% മായി ഇതുവരെ 53,11,10,82,677/- രൂപ സംസ്ഥാന ഗവണ്‍മെന്റ് ദേശീയപാത അതോറിറ്റിക്ക് നല്‍കിയിട്ടുണ്ട്. |
| (സി) | ഭാരത് മാല പരിയോജന രണ്ടാംഘട്ടത്തില്‍ ഏതെല്ലാം റോഡുകളാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത്; | (സി) | 14/07/2021-ലെ ബഹു. മുഖ്യമന്ത്രിയുടെയും കേന്ദ്ര റോഡ് ഹൈവേ മന്ത്രിയുടെയും നേതൃത്വത്തില്‍ ചേര്‍ന്ന യോഗത്തില്‍ 10,000 PCU മേല്‍ വരുന്ന റോഡുകള്‍ ഭാരത് മാല രണ്ടാംഘട്ടത്തില്‍ ഉള്‍പ്പെടുത്തുവാന്‍ നിര്‍ദ്ദേശിച്ചു. തത്വത്തില്‍ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച ദേശീയപാതകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | കുതിരാൻ തുരങ്ക നിർമ്മാണം ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ദേശീയപാത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിന് ലെയ്സണിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (ഡി) | കുതിരാൻ തുരങ്കപാതയുടെ പ്രവർത്ത നവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുമായുള്ള ഏകോപനത്തിന് KSCC Managing Director ആയ Sri. Shanavas S IAS നെ ചുമതലപ്പെടുത്തിയിരുന്നു. ഇതുൾപ്പെടെ എല്ലാപ്രവൃത്തികളും നോഡൽ ഓഫീസർമാർക്ക് ചുമതല നൽകി കൃത്യമായ ഇടവേളകളിൽ സർക്കാർ തലത്തിൽ അവലോകനം നടത്തുന്നുണ്ട് . മന്ത്രി തലത്തിലും വകുപ്പ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി പ്രവൃത്തി വിലയിരുത്തുന്നുണ്ട് . ജില്ലകളിലും പ്രത്യേകം യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ

Annexure-A for UNQ no.*97

Annexure-A

PROJECTS AWARDED IN FY 2020-21

| Sl. No | Name of Work | NH | Length (Km.) | Approximate LA cost (Rs. In Cr.) | GoK share of 25% (Rs. In Cr.) | Status |
|---|---|---|---|---|---|---|
| 1. | Thalappadi to Changala on HAM | 66 | 39 | 683.09 | 170.77 | Awarded to M/s Uralungal Labour Contract Co-operative Society on 23.03.2021 |
| 2. | Changala to Neeleshwaram on HAM | 66 | 37.27 | 509.52 | 127.38 | Awarded to M/s MEIL Chengala Roadways Pvt. Ltd. on 15.10.2020 |
| 3. | Perole to Thalipparamba on HAM | 66 | 40.11 | 1496.66 | 374.16 | Awarded to M/s MEIL Neeleshwaram Roadways Pvt.Ltd.on 15.10.2020 |
| 4. | Thalipparamba to Muzhapilangadu on HAM | 66 | 29.95 | 1234.3 | 308.70 | Awarded to M/s Vishwa Samudra Kannur Expressway Private Limited on 08.02.2021 |
| 5. | Azhiyur to Vengalam on HAM | 66 | 40.8 | 1815.86 | 453.97 | Awarded to M/s AzhiyurVengalam Road Private Limited on 12.01.2021 |
| 6. | Ramanattukara to Valanchery on HAM | 66 | 39.68 | 128.83 | 32.21 | Awarded to M/s KNR Ramanattukara Infra Private Limited on 30.03.2021 |
| 7. | Valanchery to Kappirikkad on HAM | 66 | 37.35 | 2567.09 | 641.77 | Awarded to M/s KNR Guruvayur Infra Private Limited on 31.03.2021 |
| 1. | Kappirikkad to Thalikulam on HAM | 66 | 33.17 | 797.3 | 199.33 | Awarded to M/s. Shivalaya Construction Co Pvt Ltd on 24.09.2021 |
| 2. | Thalikulam to Kodungallur on HAM | 66 | 28.84 | 2503.01 | 625.75 | Awarded to M/s. Shivalaya Construction Co. Pvt. Ltd. on 24.09.2021 |
| 3. | Kodungallur to Edappally on HAM. | 66 | 25.15 | 1144.06 | 286.01 | Awarded to M/s. Oriental Structural Engineers Pvt. Ltd. On 28.12.2021 |
| | 6-lane Elevated Highway connecting Aroor to ThuravoorThekku section of NH-66 (Old NH-66) on HAM Mode | 66 | 14.65 | DPR is in progress. Project likely to awarded in 2022-23 | | |
| 4. | Thuravoor to Paravoor on EPC | 66 | 37.90 | 1412.94 | 353.23 | Awarded to M/s KCC Buildcon Private Ltd on 15.11.2021 |
| 5. | Paravoor to Kottukulangara on EPC | 66 | 37.50 | 1640.07 | 410.02 | Bid opened |
| 6. | Kottukulangara to Start of Kollam Bypass on HAM | 66 | 31.50 | 1640.07 | 410.02 | Awarded to M/s Vishwa Samudra Engineering Private Limited.on 06.08.2021 |
| 7. | Start of Kollam Bypass to Kadambattukonam on HAM | 66 | 31.25 | 1409.68 | 352.42 | Awarded to M/s. Shivalaya Construction Co. Pvt. Ltd.on 14.09.2021 |
| 8. | Kadambattukonam to Kazhakuttom EPC | 66 | 29.83 | 2584.5 | 646.12 | Awarded to M/s RDS Project Ltd. on 03.03.2022. |
| | TOTAL | | 255.14 | 21567.48 | 5391.87 | |

അനുബന്ധം - II

**ANNEXURE A**

| | | |
|---|---|---|
| 1 | ചൊവ്വ – മട്ടന്നൂർ - ഇരുട്ടി – വളവുപാറ – മാക്കൂട്ടം – വിരാജ്പേട്ട – മടിക്കേരി – മൈസൂർ | 55 കി.മീ |
| 2 | ആലപ്പുഴ (NH 47)- ചങ്ങനാശ്ശേരി – വാഴൂർ - 14-□□ മൈൽ (NH 220)- | 50 കി.മീ |
| 3 | കായംകുളം (NH 47)- മുതൽ തിരുവല്ല ജംഗ്ഷൻ വരെ (NH 183) | 23 കി.മീ |
| 4 | വിജയപുരം മുതൽ ഊന്നുകൽ ജംഗ്ഷൻ വരെ | 45 കി.മീ |
| 5 | കല്പറ്റ – മാനന്തവാടി റോഡ് | 50 കി.മീ |
| 6 | ഭരണിക്കാവ് മുതൽ ചവറ ടൈറ്റാനിയം വരെ | 17 കി.മീ |
| 7 | എലവുങ്കൽ മുതൽ പമ്പ ലാഹ വരെ | 21.6 കി.മീ |
| 8 | വിഴിഞ്ഞം പോർട്ട് മുതൽ നെയ്യാറ്റിൻകര വരെ | 26 കി.മീ |
| 9 | തിരുവനന്തപുരം മുതൽ തെൻമല വരെ | 72 കി.മീ |
| 10 | ഹോസ്ദുർഗ് – പാണത്തൂർ - ഭാഗമണ്ഡല – മടിക്കേരി റോഡ് | 57 കി.മീ |
| 11 | ചെർക്കള – കല്ലടുക്ക റോഡ് | 28 കി.മീ |
| 12 | വടക്കാഞ്ചേരി – പൊള്ളാച്ചി റോഡ് | 40 കി.മീ |

സെക്ഷൻ ഓഫീസർ